# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 14 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1


ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com


### ഹരിവരാസനം പുരസ്കാരം വീരമണി രാജുവിന് സമ്മാനിച്ചു

അയ്യപ്പ ഭക്തരെ സാക്ഷിനിർത്തി ശബരിമല സന്നിധാനത്ത് നടന്ന പ്രൗഢഗംഭീരമായ ചടങ്ങില് സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ ഹരിവരാസനം പുരസ്കാരം പ്രശസ്ത ഗായകന് വീരമണി രാജുവിന് ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രന് സമ്മാനിച്ചു. സംഗീത ലോകത്തെ പ്രഗത്ഭർക്കു നൽകുന്ന പുരസ്കാരമാണിത്. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ശിൽപ്പവും അടങ്ങുന്നതാണ് പുരസ്കാരം.

ചടങ്ങില് രാജു എബ്രഹാം എംഎല്എ അധ്യക്ഷത വഹിച്ചു. ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എന്. വാസു, ദേവസ്വം ബോർഡ് അംഗങ്ങളായ കെ.എസ്. രവി, പി.എം. തങ്കപ്പന്, ദേവസ്വം പ്രിൻസിപ്പല് സെക്രട്ടറി കെ.ആര്. ജ്യോതിലാല്, ശബരിമല സ്പെഷല് കമ്മീഷണര് എം. മനോജ്, എഡിജിപി എസ്. ശ്രീജിത്, കൊച്ചിന് ദേവസ്വം ബോർഡ് പ്രസിഡന്റ് വി. നന്ദകുമാർ, തിരുവിതാംകൂർ ദേവസ്വം കമ്മീഷണര് ബി.എസ്. തിരുമേനി തുടങ്ങിയവര് സംസാരിച്ചു. പുരസ്കാര ജേതാവ് വീരമണി രാജു മറുപടി പറഞ്ഞു.

2012 ലാണ് സംസ്ഥാന സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ചേർന്ന് ഹരിവരാസനം പുരസ്കാരം ഏർപ്പെടുത്തിയത്.

ഗാന ഗന്ധർവന് ഡോ. കെ.ജെ. യേശുദാസിനായിരുന്നു ആദ്യ
പുരസ്കാരം. കെ.ജി. ജയന്, പി. ജയചന്ദ്രന്, എസ്.പി. ബാലസുബ്രഹ്മണ്യം,
എം.ജി. ശ്രീകുമാര്, ഗംഗൈ അമരന്,
കെ.എസ്. ചിത്ര, പി. സുശീല, ഇളയരാജ തുടങ്ങിയവര് തുടര്
വര്ഷങ്ങളില് ഹരിവരാസനം പുരസ്കാരം ഏറ്റുവാങ്ങിയിട്ടുണ്ട്.

**(പി.ആര്. ശബരി - (197)**



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 14 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2


ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com


### ശബരിമലയിലെ നവീകരിച്ച അന്നദാന മണ്ഡപം ഭക്തർക്കു സമർപ്പിച്ചു

ശബരിമല സന്നിധാനത്തെ മാളികപ്പുറം ക്ഷേത്രത്തിനു സമീപമുള്ള നവീകരിച്ച അന്നദാന മണ്ഡപം മകരവിളക്ക് ദിവസം (ജനു.14) ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രന് ഭക്തർക്കായി തുറന്നു കൊടുത്തു. ഹരിവരാസനം പുരസ്കാര ചടങ്ങില് അന്നദാന മണ്ഡപത്തിന്റെ ഉദ്ഘാടനം മന്ത്രി നിർവഹിച്ചു. ഒരേ സമയം 5000 ഭക്തർക്ക് ഭക്ഷണം കഴിക്കാന് സൗകര്യമുള്ള ഏഷ്യയിലെ ഏറ്റവും വലിയ അന്നദാന മണ്ഡപമാണ് ശബരിമലയിലെ അന്നദാന മണ്ഡപം. 21.55 കോടി രൂപയാണ് ഇതിന്റെ നിർമാണ ചെലവ്.

ചടങ്ങില് രാജു എബ്രഹാം എംഎല്എ അധ്യക്ഷത വഹിച്ചു. ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എന്. വാസു, ദേവസ്വം ബോർഡ് അംഗങ്ങളായ കെ.എസ്. രവി, പി.എം. തങ്കപ്പന്, ദേവസ്വം പ്രിൻസിപ്പല് സെക്രട്ടറി കെ.ആര്. ജ്യോതിലാല്, ശബരിമല സ്പെഷല് കമ്മീഷണര് എം. മനോജ്, എഡിജിപി എസ്. ശ്രീജിത്, കൊച്ചിന് ദേവസ്വം ബോർഡ് പ്രസിഡന്റ് വി. നന്ദകുമാര്, തിരുവിതാംകൂര് ദേവസ്വം ബോർഡ് കമ്മീഷണര് ബി.എസ്. തിരുമേനി തുടങ്ങിയവര് പങ്കെടുത്തു.

(പി.ആര്‍. ശബരി - (198)

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>______________<br>JANUARY 14 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3


ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com


**.............വീരമണിയുടെ പാട്ടില് അലിഞ്ഞ് സന്നിധാനം.............**

**പത്ത് ഓസ്കാറിനു തുല്യം ഹരിവരാസനം പുരസ്കാരം: വീരമണി രാജു**

പത്ത് ഓസ്കാറിനേക്കാള് തനിക്കു വലുതാണ് മകരവിളക്കു ദിവസം ലഭിച്ച ഹരിവരാസനം പുരസ്കാരമെന്നും ഇതു തന്റെ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടമാണെന്നും വീരമണി രാജു. ഹരിവരാസനം പുരസ്കാരമേറ്റുവാങ്ങി സംസാരിക്കുകയായിരുന്നു അദ്ദേഹം. പുരസ്കാര ചടങ്ങിനെ തുടർന്ന് ലോക പ്രസിദ്ധ അയ്യപ്പഭക്തി ഗാനമായ 'പള്ളിക്കെട്ട് ശബരിമലയ്ക്ക് ' തുടങ്ങി ഒട്ടേറെ ഭക്തിഗാനങ്ങള് പാടി വീരമണി ശബരീശ സന്നിധിയെ ഭക്ത നിർവൃതിയില് ആറാടിച്ചു. മറുപടി പ്രസംഗത്തില്, നിരവധി പുരസ്കാരങ്ങള് തനിക്കു ലഭിച്ചിട്ടുണ്ടെങ്കിലും ഹരിവരാസനം പുരസ്കാരത്തെ തന്റെ മനസില് ചേർത്തു പിടിക്കുന്നുവെന്ന് പറഞ്ഞാണ് വീരമണി ഗാനസപര്യ തുടങ്ങിയത്. പിതാവായ സോമുവും ചിറ്റപ്പയായ വീരമണിയും ചേർന്ന് ചിട്ടപ്പെടുത്തിയ ലോകപ്രശസ്തമായ പള്ളിക്കെട്ട് ശബരിമലയ്ക്ക് എന്ന ഗാനം 1957 ല് ഇരുവരും ശബരിമല സന്ദർശിച്ചപ്പോള് പിറന്നതാണെന്നും കാനനപാതയിലൂടെ അന്നുനടന്നതിന്റെ അനുഭവമാണ് 'കല്ലും മുള്ളും കാല്ക്ക് മെത്തൈ' എന്ന പാട്ടിലെ വരിയായി ചേർത്തിരിക്കുന്നതെന്നും

വീരമണി ഓർത്തെടുത്തു. അന്ന് തന്റെ നാട്ടുകാർക്ക് ശബരിമലയെ കുറിച്ച് പരിമിതമായ അറിവേ ഉണ്ടായിരുന്നുള്ളൂവെന്നും ഈ പാട്ടിലൂടെ ഏറെ ഭക്തര് അയ്യപ്പ സന്നിധിയില് എത്തിയെന്നത് അഭിമാനമായി കാണുന്നതായും വീരമണി രാജു പറഞ്ഞു.
ഭക്തിഗാനമേളയില് പള്ളിക്കെട്ട് ശബരിമലയ്ക്ക് എന്ന ഗാനത്തെ കൂടാതെ അന്നദാന പ്രഭുവേ ശരണം അയ്യപ്പാ, മരുതമലൈ മാമുനിയെ മുരകയ്യാ, ശബരിമലയില് തങ്ക സൂര്യോദയം തുടങ്ങിയ ഭക്തിഗാനങ്ങളും വീരമണി ആലപിച്ചപ്പോള് സദസ് കരഘോഷ മുഖരിതമായി.

**(പി.ആര്. ശബരി - (199)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 14 | 2021 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 4

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com


## ശബരിമലയെ സഹായിക്കാൻ ഭക്തരുടെ സഹായം അഭ്യർത്ഥിച്ച് ദേവസ്വം മന്ത്രി കടകം പള്ളി സുരേന്ദ്രൻ

145 കോടിയുടെ വികസന പ്രവർത്തനങ്ങൾക്ക് അനുമതി

ശബരിമലയെ സഹായിക്കാൻ ഭക്തർ സഹകരിക്കണമെന്ന് ദേവസ്വം മന്ത്രി കടകം പള്ളി സുരേന്ദ്രൻ പറഞ്ഞു. കോവിഡ് 19 ക്രമീകരണങ്ങളുടെ ഭാഗമായി ശബരിമലയിലെ വരുമാനം ഗണ്യമായി കുറഞ്ഞതിൻ്റെ പശ്ചാത്തലത്തിലായിരുന്നു മന്ത്രിയുടെ അഭ്യർഥന. മുൻവർഷം 260 കോടിയുണ്ടായിരുന്ന വരുമാനം ഈ വർഷം കേവലം 16 കോടിയായി കുറഞ്ഞു. കോവിഡിനെ തുടർന്ന് സംസ്ഥാനത്തെ എല്ലാ ക്ഷേത്രങ്ങളിലും വരുമാനം കുറഞ്ഞു. സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേത്രങ്ങൾക്ക് സംരക്ഷണ കവചമായി നിന്ന ശബരിമല വരുമാനം കുറഞ്ഞത് പ്രതിസന്ധി രൂക്ഷമാക്കും. ഇതിനെ മറികടക്കാൻ സംസ്ഥാന സർക്കാരിൻ്റെ സഹായം ഉറപ്പായും ഉണ്ടാവുമെന്നും മന്ത്രി പറഞ്ഞു. ഇതോടൊപ്പം ഭക്തരുടെ സഹകരണം കൂടിയുണ്ടെങ്കിൽ കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാനാവുമെന്നും മന്ത്രി പ്രത്യാശിച്ചു.

ശബരിമല തീർത്ഥാടകർക്ക് വഴിമധ്യേ വിശ്രമിക്കുന്നതിനും കാത്തിരിക്കുന്നതിനുമായുള്ള 145 കോടി രൂപായുടെ പദ്ധതിക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ടെന്ന് മന്ത്രി  അറിയിച്ചു. ഇതിൽ ആദ്യത്തെ ആറ് ഇടത്താവളങ്ങളുടെ അടിസ്ഥാന  സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന ജോലികൾ ഉടൻ പൂർത്തീകരിക്കാനാകും. കേന്ദ്ര ഗവൺമെൻ്റിൻ്റെ അംഗീകാരം ലഭിച്ച കമ്പനിയാവും ഇതിൻ്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക.

ഇതിനായുള്ള നടപടി ക്രമങ്ങൾ പൂർത്തിയായതായും സാമ്പത്തികാനുമതി ലഭിച്ചതായും മന്ത്രി സൂചിപ്പിച്ചു. ശബരിമല മാസ്റ്റർ പ്ലാനിൻ്റെ ഭാഗമായി 21.5 കോടി രൂപാ ചിലവഴിച്ച് നിർമ്മിച്ച അന്നദാന മണ്ഡപത്തിൻ്റെ ഉദ്ഘാടനം, ഹരിവരാസനം പുരസ്കാര വിതരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാന സർക്കാരിൻ്റെയും ദേവസ്വം ബോർഡിൻ്റെയും യോജിച്ചുള്ള പ്രവർത്തനങ്ങളുടെ ഫലമായാണ് ഒറ്റയടിക്ക് ഇത്ര വലിയ തുകയുടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനായതെന്നും മന്ത്രി പറഞ്ഞു.

**(പി.ആര്. ശബരി - (200)**



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 14 | 2021 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 5

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### അത്യാഹിതങ്ങള് വരാതെ കാത്ത് എമർജൻസി ഓപ്പറേഷന് സെന്ററുകള്

അടിയന്തരഘട്ട ദുരന്ത നിവാരണ പ്രവർത്തനങ്ങള് ഏകോപിക്കുന്നതിനായി ശബരിമല സന്നിധാനം, നിലയ്ക്കല്, പമ്പ എന്നിവിടങ്ങളിലായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക സഹായത്തോടെയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിലും പ്രവർത്തിച്ച എമർജൻസി ഓപ്പറേഷന് സെന്ററുകള് (അടിയന്തരഘട്ട കാര്യ നിര്വഹണ കേന്ദ്രങ്ങള്) മണ്ഡല - മകരവിളക്ക് തീർഥാടന കാലത്ത് തീർഥാടകരുടെ സുരക്ഷ ഉറപ്പാക്കുന്നതില് നിർണായകമായി. മുന് തീർഥാടന കാലങ്ങളില് നിന്നു വ്യത്യസ്തമായി ഇത്തവ കോവിഡ് പശ്ചാത്തലം കൂടി കണക്കിലെടുത്തുള്ള സുരക്ഷാ- നിരീക്ഷണ നടപടികളാണ് എമർജൻസി ഓപ്പറേഷന് സെന്ററുകളുടെ നേതൃത്വത്തില് കൈക്കൊണ്ടത്.

ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട് അടിയന്തര സാഹചര്യങ്ങള് ഉണ്ടായാല് എല്ലാ വകുപ്പുകളെയും കോർത്തിണക്കിക്കൊണ്ട് ദുരന്ത നിവാരണ പ്രവർത്തനങ്ങള് ക്രോഡീകരിക്കുക എന്നതാണ് അടിയന്തരഘട്ട കാര്യനിര്വഹണ കേന്ദ്രത്തിന്റെ ലക്ഷ്യം. പതിനെട്ടോളം നോഡല് വകുപ്പുകളെയും സന്നദ്ധ സംഘടനകളെയുമാണ് ജില്ലാ കളക്ടർ

ഇതിനായി തിരഞ്ഞെടുത്തിരുന്നത്. പോലീസ്, ഫയര് &റെസ്ക്യൂ, മോട്ടോർ വാഹനം, ഇറിഗേഷന്, ഇലക്ട്രിസിറ്റി ബോർഡ്, ദേവസ്വം ബോർഡ്, വനം വകുപ്പ്, ആരോഗ്യം, ലീഗല് മെട്രോളജി, ഫുഡ് ആൻഡ് സേഫ്റ്റി, എക്സൈസ് തുടങ്ങിയ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥര് പ്രവർത്തനത്തില് പങ്കാളികളായി. തീർഥാടക സൗഹൃദ കേന്ദ്രമായി എമർജൻസി ഓപ്പറേഷന് സെന്ററുകള് പ്രവർത്തിച്ചു. വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി ഡെപ്യൂട്ടി കളക്ടർമാരുടെ ചുമതലയില് 24 മണിക്കൂറും ഇഒസികളുടെ പ്രവർത്തനം ഉറപ്പ് വരുത്തി.

മകരജ്യോതി ദർശിക്കുന്ന എല്ലാ വ്യൂ പോയിന്റിലും ഏത് അടിയന്തര സാഹചര്യത്തെയും നേരിടാന് ആവശ്യമായ ക്രമീകരണങ്ങള് ഒരുക്കിയിരുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനും ജില്ലാ കളക്ടറുമായ പി.ബി. നൂഹിന്റെയും ശബരിമല അഡിഷണല് ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് അരുണ് കെ. വിജയന്റെയും ഡ്യൂട്ടി മജിസ്ട്രേറ്റുമാരുടെയും പൂർണ മേൽനോട്ടത്തിലാണ് പ്രവർത്തനങ്ങള് ഏകോപിപ്പിച്ചത്. മകരവിളക്ക് ദർശിക്കുന്ന എല്ലാ വ്യൂ പോയിന്റിലും കോവിഡ് പ്രോട്ടോക്കോള് പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കി. ശാരീരിക അകലം പാലിക്കുക, മാസ്ക്ക് ധരിക്കുക, സാനിറ്റൈസർ ഉപയോഗിക്കുക എന്നിവ ഉറപ്പുവരുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകി. മകരവിളക്ക് ദർശിക്കുന്ന ളാഹ, പഞ്ഞിപ്പാറ, നെല്ലിമല, ഇലവുങ്കല്, അട്ടത്തോട്, അയ്യന്മല, നീലിമല, അപ്പാച്ചിമേട് എന്നി സ്ഥലങ്ങളില് ഓരോയിടത്തും ദുരന്ത നിവാരണ പ്രവർത്തനങ്ങള് ഏകോപിപ്പിക്കാന് റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി തഹസിദാർ / വില്ലേജ് ഓഫീസര് തസ്തികയിലുള്ള പ്രത്യേക നാലംഗ സംഘത്തെ നിയോഗിച്ചിരുന്നു. മകരവിളക്ക് ദർശിക്കുന്ന പ്രധാന എട്ടു സ്ഥലങ്ങളിലും കോവിഡ് പ്രോട്ടോക്കോള് പാലിച്ച് ബാരിക്കേഡ്, വെളിച്ചം തുടങ്ങിയ ക്രമീകരണങ്ങള് ഏർപ്പെടുത്തിയിരുന്നു. ഈ സ്ഥലങ്ങളില് പോലീസ്, ഫയർഫോഴ്സ്, കേരള വാട്ടര് അതോറിറ്റി, കെഎസ്ഇബി, വനം വകുപ്പ്, ഗ്രാമപഞ്ചായത്ത് എന്നിവയുടെ നേതൃത്വത്തില് തീർഥാടകർക്ക് ആവശ്യമായ വിവിധ സേവനങ്ങള് ലഭ്യമാക്കി.

നൂതന സാങ്കേതിക വിദ്യയുള്ള ഉപകരണങ്ങള്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധിപ്പിക്കുന്ന ഹോട്ട് ലൈന് തുടങ്ങിയവ ഏത് അടിയന്തര ഘട്ടങ്ങളെയും നേരിടാന് ഒരുക്കിയിരുന്നു. സാറ്റലൈറ്റ് ഫോണ്, ഹോട്ടൈലന്, ഹണ്ടിംഗ് ലൈന്, വയർലെസ് ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങള് കളക്ടറേറ്റിലെ ദുരന്ത നിവാരണ വിഭാഗത്തിലും ഇ.ഒ.സികളിലും സജ്ജമാക്കിയിരുന്നു. അടിയന്തര സാഹചര്യങ്ങളെ നേരിടാന് ദുരന്ത നിവാരണ ഉപകരണങ്ങള്, അസ്ക്കാ വിളക്കുകള്, സ്ട്രക്ച്ചര്, സേർച്ച് ലൈറ്റ്, പ്രത്യേകം തയാറാക്കിയ കയര് ഏണി, മരുന്ന് തുടങ്ങിയവ സജ്ജമാക്കിയിരുന്നു. സന്നിധാനം, പമ്പ, നിലയ്ക്കല് എന്നിവിടങ്ങളിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് വിദഗ്ദ പരിശീലനം ലഭിച്ച അഞ്ചു പേര് വീതം അടങ്ങുന്ന സംഘത്തെ നിയോഗിച്ചിരുന്നു. സന്നിധാനത്ത് തിരുവല്ല സബ് കളക്ടര് ചേതൻകുമാര് മീണയെയും, പമ്പയില് പത്തനംതിട്ട എഡിഎം അലക്സ് പി. തോമസിനെയും, നിലയ്ക്കല് അടൂര് ആർഡിഒ ഹരികുമാറിനെയും ചാർജ് ഓഫീസർമാരായി നിയോഗിച്ചിരുന്നു.

ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ആംബുലൻസുകളും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ക്രമീകരിച്ചിരുന്നു.
മകരവിളക്കുമായി ബന്ധപ്പെട്ട് അടിയന്തര ഘട്ടങ്ങളെ ഏകോപിപ്പിക്കാന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യുട്ടീവ് ഓഫീസറും ഡെപ്യൂട്ടി കളക്ടറുമായ ബി. രാധാകൃഷ്ണന്റെ നേതൃത്വത്തില് പത്തനംതിട്ട ജില്ലാ അടിയന്തിരഘട്ട കാര്യാലയത്തില് തഹസിദാര്, ഡെപ്യൂട്ടി തഹസിദാർമാര് എന്നിവരടങ്ങുന്ന 40 അംഗ റവന്യൂ ജീവനക്കാരെ 48 മണിക്കൂര് സേവനത്തിന് നിയോഗിച്ചിരുന്നു. അടൂര്, തിരുവല്ല റവന്യൂ ഡിവിഷണല് ഓഫീസുകളിലും എല്ലാ താലൂക്ക് ഓഫീസുകളിലും ശബരിമലയുമായി ബന്ധപ്പെട്ട് പ്രത്യേക കണ്ട്രോള് റൂം തുറന്ന് പ്രവര്ത്തിച്ചു.

**(പി.ആര്. ശബരി - (201)**



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 14 | 2021 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 6

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

**ശബരിമല (15.01.2021)**

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തല്
5 ന്.... നട തുറക്കല്
5.05 ന് ....അഭിഷേകം
5.20 ന് ...ഗണപതി ഹോമം
6 മണി മുതല് 11 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.30...25 കലശാഭിഷേകം
തുടർന്ന് .....കളഭാഭിഷേകം
12.30ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
6.45 ന് ...പടിപൂജ
8 മണിക്ക് ...അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

## മകരവിളക്ക് ദർശന പുണ്യവുമായി അയ്യപ്പഭക്തർ മലയിറങ്ങി

മകരസന്ധ്യാ ദീപാരാധനവേളയിൽ പൊന്നമ്പലമേട്ടിൽ മകരവിളക്ക് തെളിഞ്ഞപ്പോൾ ശബരിമലയിൽ ഭക്തർ ആനന്ദലഹരിയിൽ ആറാടി. വൈകിട്ട് കൃത്യം 6.42 ന് മകരവിളക്ക് തെളിഞ്ഞു. തുടർന്ന് രണ്ടു തവണ കൂടി വിളക്ക് ദർശനമുണ്ടായി. ഇതോടെ ശബരിമല ശരണം വിളികളാൽ മുഖരിതമായി. പരമാനന്ദലഹരിയില് തീർഥാടകർ നിറഭക്തിയോടെ തൊഴുതു വണങ്ങി. സന്നിധാനത്തെ ആഴിയിലെ തീനാളങ്ങൾ സായംസന്ധ്യയിൽ അലിഞ്ഞു ചേർന്ന് സമദർശനത്തിന്റെ പ്രഭ തീർത്തു. തിരുവാഭരണം ചാർത്തിയ അയ്യപ്പ വിഗ്രഹവും മകരവിളക്കും കണ്ട നിർവൃതിയിലാണ് ഭക്തർ മലയിറങ്ങിയത്.

കോവിഡ് പശ്ചാത്തലത്തിൽ ഇത്തവണ 5000 പേർക്ക് മാത്രമാണ് സന്നിധാനത്ത് നിന്ന് മകരവിളക്ക് കണ്ട് തൊഴുന്നതിന് അനുമതിയുണ്ടായിരുന്നത്. ഇതിനായി പ്രത്യേക ക്രമീകരണങ്ങളും ഏർപ്പെടുത്തിയിരുന്നു. രാവിലെ 8.40 ന് തന്ത്രി കണ്ഠരര് രാജീവര്, മേൽശാന്തി എൻ.കെ. ജയരാജ് പോറ്റി എന്നിവരുടെ നേതൃത്വത്തിൽ മകരസംക്രമ പൂജ നടന്നു. വൈകിട്ട് 5.15 ന് തിരുവാഭരണം ഏറ്റുവാങ്ങാൻ ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ്, അസി.എക്സിക്യൂട്ടീവ് ഓഫീസർ ജി. ഗോപകുമാർ എന്നിവരുൾപ്പെടെയുള്ള ഇരുപതംഗ സംഘം പുറപ്പെട്ടു. ഇവരെ തന്ത്രി മാല അണിയിച്ചും മേൽശാന്തി ഭസ്മം തൊടുവിച്ചുമാണ് യാത്രയാക്കിയത്.

ശരംകുത്തിയിലെത്തിയ തിരുവാഭരണ ഘോഷയാത്രയെ ദേവസ്വം ബോർഡിന്റെയും വിവിധ വകുപ്പുകളിലെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ സ്വീകരിച്ച് സന്നിധാനത്തേക്ക് ആനയിച്ചു. നാഗസ്വരം, പഞ്ചവാദ്യം, തകിൽ, ചെണ്ടമേളം, കർപ്പൂരാഴി, തീവെട്ടി എന്നിവയുടെ അകമ്പടിയോടെ ആചാരപരമായാണ് സ്വീകരിച്ചത്. 6.28 ന് സന്നിധാനത്തെത്തിയ തിരുവാഭരണപ്പെട്ടി കൊടിമരച്ചുവട്ടിൽ വച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എൻ.വാസു, അംഗങ്ങളായ കെ.എസ്.രവി, പി.എം.തങ്കപ്പൻ, സ്പെഷ്യൽ കമ്മീഷണര് എം.മനോജ്, ദേവസ്വം കമ്മീഷണർ ബി.എസ്. തിരുമേനി, എ.ഡി.ജി.പി. എസ്. ശ്രീജിത്ത്, ജില്ലാ കളക്ടർ പി.ബി.നൂഹ്, എ.ഡി.എം. ഡോ. അരുൺ വിജയ്, ചീഫ് എൻജിനിയർ ജി.കൃഷ്ണകുമാർ, ദേവസ്വം വിജിലൻസ് ആൻഡ് സെക്യൂരിറ്റി എസ്പി. പി.ബിജോയ്, സന്നിധാനം പോലീസ് സ്പെഷ്യൽ ഓഫീസർ കെ.രാധാകൃഷ്ണൻ, പത്തനംതിട്ട എസ്പി. പി.ബി.രാജീവ്, ബോർഡിലെയും മറ്റ് വകുപ്പുകളിലേയും ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു.

ശ്രീകോവിലിലേക്ക് ആചാരപൂർവം എത്തിച്ച തിരുവാഭരണം തന്ത്രിയും മേൽശാന്തിയും ചേർന്ന് ഏറ്റുവാങ്ങി. തുടർന്ന് തിരുവാഭരണം ചാർത്തി ദീപാരാധന നടന്നു. മറ്റു രണ്ടു പേടകങ്ങൾ മാളികപ്പുറത്തേക്ക് കൊണ്ടുപോയി. ഒന്നിൽ സ്വർണക്കൊടിയും മറ്റേതിൽ തങ്കക്കുടവുമാണ് ഉണ്ടായിരുന്നത്. ജനുവരി 12നാണ് പന്തളം വലിയകോയിക്കൽ

ക്ഷേത്രത്തിൽ നിന്ന് തിരുവാഭരണ ഘോഷയാത്ര പുറപ്പെട്ടത്. മകരസംക്രമ സന്ധ്യയിൽ അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്നതിനുള്ള ആഭരണങ്ങളും ചമയങ്ങളുമായി പിതാവ് മകനെ കാണാൻ പോകുന്നുവെന്ന സങ്കൽപ്പത്തിലാണ് തിരുവാഭരണ ഘോഷയാത്ര എത്തുന്നത്.

**(പി.ആര്. ശബരി - (202)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 14 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 7

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### തീർഥാടനം മികച്ച നിലയില് പൂർത്തിയാക്കി സംസ്ഥാന സർക്കാരും ദേവസ്വം ബോർഡും

കോവിഡ് മഹാമാരിക്കിടയിലും മണ്ഡല മകരവിളക്ക് തീർഥാടനം മികച്ചനിലയില് പൂർത്തിയാക്കി സംസ്ഥാന സർക്കാരും ദേവസ്വം ബോർഡും. പ്രതിസന്ധികൾക്കിടയിലും ശബരിമല തീർഥാടനത്തിനായി മികച്ച സൗകര്യങ്ങളാണ് സംസ്ഥാന സർക്കാരും ദേവസ്വം ബോർഡും വിവിധ വകുപ്പുകളുമായി ചേർന്ന് ഇത്തവണയും ഒരുക്കിയത്. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയന്റെയും, ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രന്റെയും ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ.എന്. വാസുവിന്റെയും നേതൃത്വത്തില് ചേർന്ന വിവിധ യോഗങ്ങള് പ്രവർത്തനങ്ങളുടെ വേഗം കൂട്ടി. സ്വകാര്യ വാഹനങ്ങളുടെ പാർക്കിംഗ്, അന്നദാനം, കുടിവെള്ളം, ടോയ്ലെറ്റ്, ആരോഗ്യ പരിരക്ഷ, പമ്പയില് സ്നാനത്തിന് ഷവര് സൗകര്യം ഉൾപ്പെടെയുള്ള ക്രമീകരണങ്ങള് ഏറ്റവും മികച്ച രീതിയിലൊരുക്കി ദേവസ്വംബോർഡും വിവിധ വകുപ്പുകളും സംസ്ഥാന സർക്കാരിനൊപ്പം കൈകോര്ത്തു.

മണ്ഡല-മകരവിളക്ക് ഉത്സവത്തോട് അനുബന്ധിച്ച് മികച്ച കോവിഡ് 19 സുരക്ഷാ ക്രമീകരണങ്ങളാണ് ഇത്തവണ ശബരിമല സന്നിധാനത്ത് ഒരുക്കിയത്. മല കയറി വരുന്ന ഭക്തർക്ക് പാദങ്ങള് സാനിറ്റൈസ് ചെയ്യാന് ഏർപ്പെടുത്തിയ സൗകര്യമാണ് ഇതില് ഏറ്റവും

പ്രധാനപ്പെട്ടത്. വലിയ നടപ്പന്തലിനു മുൻപായി ഒഴുകുന്ന വെള്ളത്തില് പാദം കഴുകാനുള്ള സൗകര്യമൊരുക്കി. കാല് കഴുകിയതിനു ശേഷം സെൻസറോടു കൂടി സ്ഥാപിച്ചിരിക്കുന്ന ഹാൻഡ് സാനിറ്റൈസറില് കൈ ശുചിയാക്കുവാന് സംവിധാനം ക്രമീകരിച്ചു. കൈശുചിയാക്കിയ ശേഷം കാല് അണുവിമുക്തമാക്കുന്നതിനു വേണ്ടിയുള്ള സാനിറ്റൈസര് കൊണ്ട് നിറച്ച ചവിട്ടിയിയും സ്ഥാപിച്ചിരുന്നു. ചവിട്ടിയിലൂടെ കടന്നാല് മാത്രമേ നടപ്പന്തലിലേക്ക് പ്രവേശിക്കാന് സാധിക്കുമായിരുന്നുള്ളു.

കോവിഡ് 19 കാലയളവില് നഗ്നപാദരായി വരുന്ന ഭക്തജനങ്ങളുടെ കാല് ശുചിയാക്കല് പ്രധാനപ്പെട്ടതാണെന്ന കണ്ടെത്തലിനെ തുടർന്നാണ് പുതിയ സംവിധാനം ഏർപ്പെടുത്തിയത്. പതിനെട്ടാം പടിക്ക് മുൻപിലും ഹാൻഡ് സാനിറ്റൈസറും, കാല് ശുചിയാക്കാനുള്ള സംവിധാനവും ഒരുക്കിയിരുന്നു. സന്നിധാനത്തെ വിവിധ ഇടങ്ങളില് പെഡസ്ട്രിയല് ടൈപ്പ് ഹാൻഡ് സാനിറ്റൈസറുകള് സ്ഥാപിച്ചു. തൊഴിലാളികൾക്ക് എല്ലാവർക്കും മാസ്കും, ഗ്ലൗസും നൽകി. ഇതിനു പുറമേ തീർഥാടകരോട് നേരിട്ട് ഇടപഴകേണ്ടി വരുന്ന തൊഴിലാളികൾക്ക് മാസ്കും, ഗ്ലൗസും കൂടാതെ ഫേസ് ഷീൽഡും നൽകിയിരുന്നു. ശൗചാലയങ്ങള് ഓരോ വ്യക്തികള് ഉപയോഗിച്ചു കഴിയുമ്പോഴും അണുവിമുക്തമാക്കി. ഉപയോഗിച്ച മാസ്കും, ഗ്ലൗസും ഇടുന്നതിനായി പ്രത്യേക ബിന്നുകളും സ്ഥാപിച്ചു. ജീവനക്കാരിലെ കോവിഡ് ബാധ കണ്ടെത്തുന്നതിനായി സന്നിധാനത്ത് ആന്റിജന് പരിശോധനാ ക്യാമ്പുകളും സംഘടിപ്പിച്ചിരുന്നു. സന്നിധാനത്ത് വച്ച് രോഗബാധ സ്ഥിരീകരിച്ചവരെ സിഎഫ്എൽറ്റിസികളിലേക്ക് നീക്കുന്നതിനായി പ്രത്യേകം സജ്ജീകരിച്ച ആംബുലൻസും ഏർപ്പെടുത്തിയിരുന്നു.

അന്നദാന മണ്ഡപം, ദേവസ്വം മെസ്, പോലീസ് മെസ്, ഭണ്ഡാരം എന്നിവിടങ്ങളില് ദിവസവും രാത്രി ഫോഗ് ചെയ്ത് അണുവിമുക്തമാക്കുന്നതിനുള്ള സംവിധാനം ഒരുക്കി. തിരുമുറ്റം, ലോവര് തിരുമുറ്റം, പതിനെട്ടാം പടി നട, മാളികപ്പുറം തിരുമുറ്റം, അപ്പം-അരവണ കൗണ്ടര്, വലിയനടപ്പന്തല്, കെഎസ്ഇബി എന്നിവിടങ്ങള് ഫയര് ഫോഴ്സ് അണു വിമുക്തമാക്കിയിരുന്നു. തീർഥാടകര് തമ്മിലുള്ള സാമൂഹിക അകലം ഉറപ്പുവരുത്താന് സന്നിധാനത്ത് മാർക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിരുന്നു. വലിയ നടപ്പന്തല്, അപ്പം, അരവണ, ആടിയ ശിഷ്ടം നെയ്യ്, പ്രസാദം കൗണ്ടറുകള്, സന്നിധാനം, തിരുമുറ്റം, മാളികപ്പുറം തിരുമുറ്റം എന്നിവിടങ്ങളിലാണ് മാർക്കിംഗ് ചെയ്തിരുന്നത്. വലിയ നടപ്പന്തലില് മാത്രം 351 മാർക്കുകളാണ് ചെയ്തത്. ശബരിമലയില് എത്തുന്ന തീർഥാടകർക്ക് സ്നാനത്തിന് പമ്പ ത്രിവേണിയില് പ്രത്യേക ഷവര് സംവിധാനം ഏർപ്പെടുത്തിയിരുന്നു. കോവിഡ് മാനദണ്ഡങ്ങള് നിലനിൽക്കുന്ന സാഹചര്യത്തില് പമ്പയാറ്റിലെ സ്നാനം നിരോധിച്ചതിന് പകരമായിട്ടാണ് താത്കാലിക ഷവര് സംവിധാനം പമ്പ ത്രിവേണിയില് ഏർപ്പെടുത്തിയത്.

കോവിഡ് പ്രോട്ടോക്കോളിന്റെ ഭാഗമായി തീർഥാടകരുടെ എണ്ണം തുടക്കത്തില് ആയിരമെന്ന നിലയില് പരിമിതപ്പെടുത്തിയിരുന്നു. പിന്നീട് ബന്ധപ്പെട്ട കമ്മിറ്റികളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തില് രണ്ടായിരമായും തുടർന്ന് മൂവായിരമായും ഭക്തരുടെ എണ്ണം വർധിപ്പിച്ചു. മണ്ഡല പൂജയ്ക്കും മകരവിളക്കിനും അയ്യായിരവുമാക്കി ഉയർത്തി. കോവിഡ് രോഗബാധയില്ലെന്ന്

സ്ഥിരീകരിച്ച ശേഷം മാത്രമാണ് നിലയ്ക്കലില് നിന്ന് ഭക്തരെ പമ്പയിലേക്കും തുടർന്ന് സന്നിധാനത്തേക്കും പ്രവേശിപ്പിച്ചത്. ഇതിനായി നിലയ്ക്കലില് ലാബ് ഉൾപ്പെടെയുള്ള വിപുലമായ സൗകര്യങ്ങള് ആരോഗ്യവകുപ്പ് ഒരുക്കിയിരുന്നു. സന്നിധാനത്തും പമ്പയിലും നിലയ്ക്കലുമായി ആരോഗ്യവകുപ്പിന്റെ ആശുപത്രികള് കേന്ദ്രീകരിച്ച് തീർഥാടകർക്ക് ആവശ്യമായ എല്ലാ വൈദ്യസഹായവും ലഭ്യമാക്കി. ആയുർവേദ, ഹോമിയോ വകുപ്പുകളും ഇത്തവണ കോവിഡ് പശ്ചാത്തലം മുൻനിർത്തി രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനുള്ള മരുന്നുകള് വ്യാപകമായി വിതരണം ചെയ്തു.

ഭാരതീയ തപാല് വകുപ്പുമായി ചേർന്ന് സന്ദർശനത്തിനെത്താന് കഴിയാത്ത ഭക്തർക്കായി ശബരിമല സ്വാമി പ്രസാദം തപാല് മുഖേന ഭക്തരുടെ വീടുകളിലെത്തിച്ച് നൽകുന്ന പദ്ധതി ദേവസ്വം ബോർഡ് നടപ്പാക്കിയത് ഏറെ ജനകീയമായി. അരവണ, നെയ്യ്, കുങ്കുമം, മഞ്ഞള്, വിഭൂതി, അർച്ചന പ്രസാദം എന്നിവ ഉൾപ്പെടുന്ന പ്രസാദ കിറ്റാണ് രാജ്യമെമ്പാടുമുള്ള ഭക്തർക്ക് ലഭ്യമാക്കിയത്.

നിലയ്ക്കലില് എത്തുന്ന തീർഥാടകർക്കായി പമ്പയിലേക്ക് കെഎസ്ആർടിസി ആവശ്യാനുസരണം ചെയിന് സർവീസ് നടത്തി. സന്നിധാനത്തുനിന്ന് അടിയന്തര ഘട്ടങ്ങളില് തീർഥാടകരെ പമ്പയിലെത്തിക്കുന്നതിന് ദേവസ്വം ബോർഡിന്റെയും വനം വകുപ്പിന്റെയും ഉടമസ്ഥതയിലുള്ള രണ്ട് ഓഫ്റോഡ് ആംബുലൻസുകളും സന്നിധാനത്ത് സജ്ജമായിരുന്നു. വനം വകുപ്പിന്റ നേതൃത്വത്തില് കാനന പാതയിലുണ്ടായിരുന്ന അപകടകരമായ മരങ്ങള് വൃശ്ചികമാസത്തോടെ മുറിച്ചുമാറ്റിയിരുന്നു. മുൻപ് തീർഥാടകരുടെ സുരക്ഷയും ദർശനത്തിന് സഹായവും നൽകിയിരുന്ന പോലീസ് സേന ഇത്തവണ കോവിഡ് സുരക്ഷ ഉറപ്പാക്കുന്നതിന് മുൻനിരയില് പ്രവർത്തിച്ചു.

ലഹരിവ്യാപനം തടയുന്നതിനായി എക്സൈസ് സർക്കിള് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളും പ്രവർത്തിച്ചു. ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് വിപുലമായ സംവിധാനങ്ങള് ഏർപ്പെടുത്തിയിരുന്നു. ജില്ലയിലെ എല്ലാ റോഡുകളും ശബരിമല തീർഥാടനം തുടങ്ങുന്നതിന് മുൻപായി അറ്റകുറ്റപണി നടത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം നവീകരിച്ചിരുന്നു. ചാലക്കയത്തിനും അട്ടത്തോടിനും ഇടയിലുള്ള പ്ലാന്തോട്ടില് റോഡ് ഇടിഞ്ഞ് താണതിനെ തുടർന്ന് ശബരിമലയിലേക്കുള്ള വാഹനയാത്ര മുടങ്ങുമെന്ന സ്ഥിതി ഉണ്ടായിരുന്നു. എന്നാല്, സംസ്ഥാന സർക്കാരിന്റെ നിർദേശ പ്രകാരം പൊതുമരാമത്ത് വകുപ്പ് സമയബന്ധിതമായി ഇടപെട്ട് പാത യാത്രാ യോഗ്യമാക്കി.

(പി.ആര്‍. ശബരി - (203)

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.